**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് ഡയറക്ടറേറ്റിലെ മുൻ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. അനിൽകുമാറിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.700/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 14.03.2018

===========================================================================

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.05.2015-ലെ ഇ 2(ക്യൂവി15/14/കെഎൽഎം) 21042/14 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 04.06.2016-ലെ 7357/ഡി3/2015/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 04.11.2016-ലെ ഇപിബി2/161/2016/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. അനിൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 03.06.2017-ലെ ഡി5-39996/2016 നമ്പർ കത്ത്

**ഉത്തരവ്**

ബഹു. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സത്വരാന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. ആർ. അനിൽകുമാർ, സാമ്പത്തിക തിരിമറി നടത്തിയ കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്ക് ശ്രീ. ചന്ദ്രമോഹനെതിരെ സമയബന്ധിതമായി നടപടി സ്വീകരിച്ചില്ല എന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. അനിൽകുമാറിനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. കുറ്റപത്രത്തിന് ശ്രീ. അനിൽകുമാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. ചന്ദ്രമോഹന്റെ പേരിലുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച് ഡി3-14200/00 നമ്പർ ഫയൽ ആരംഭിക്കുന്നത് 04.05.2000-ലാണെന്നും, ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയിനത്തിൽ 15,000/- രൂപ കൈപ്പറ്റിയതിനുശേഷം ഡ്യൂപ്ലിക്കേറ്റ് രസീതിൽ ടി തുക രേഖപ്പെടുത്തി നല്കുകയും ഒറിജിനൽ 2/- രൂപയെന്ന് രേഖപ്പെടുത്തി നല്കുകയും ചെയ്തുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ടിയാനെ സസ്പെന്റ് ചെയ്ത് അന്വേഷണം ആരംഭിക്കുകയുണ്ടായിയെന്നും, ടി നടപടി നിലനിൽക്കെ സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ടിയാന്റെ കൃത്യനിർവ്വഹണത്തിലെ പാളിച്ച മൂലം 99,431/- രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിന് വന്നിട്ടുള്ളതായും ആയത് രണ്ട് മാസത്തിനുള്ളിൽ തിരിച്ചടക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആഡിറ്റ് വകുപ്പ് ടിയാനെതിരെ സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായിയെന്നും, ഇതു സംബന്ധിച്ച് വകുപ്പിലെ ഡി3-14200/00 നമ്പർ ഫയലിൽ ചുവടെ പറയുംപ്രകാരം ഉത്തരവായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ 1997-98 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 53(6) പ്രകാരം ശ്രീ. സി.ജി. ചന്ദ്രമോഹൻ 99,341/- രൂപ അപഹരിച്ചതായി റിപ്പോർട്ടുണ്ട്. മേൽ തുകയിൽ സസ്പെൻഷൻ നടപടിക്ക് ആധാരമായിരുന്ന 15,000/- രൂപയും ഉൾപ്പെടുന്നുണ്ട്. ശ്രീ. സി.ജി. ചന്ദ്രമോഹൻ ഇപ്പോൾ സമർപ്പിച്ചിട്ടുള്ള ചാർജ്ജ് നോട്ടീസ് കേരള ലോക്കൽ ഫണ്ട് ആഡിറ്റ് റൂൾസ് 1996 ചട്ടം 21 പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ആഡിറ്റർ കണ്ടെത്തുകയും യഥാവിധി ഉത്തരവാദിത്വം നിശ്ചയിച്ചു ചെയ്ത കുറ്റത്തിന് തുടർച്ചയായി മേൽചട്ടം 20(3)-ന് അനുസൃതമായി ടിയാനെതിരെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ചാർജ്ജ് നോട്ടീസിന് ടിയാൻ പ്രതികരിക്കാതിരിക്കുകയോ

മാനിക്കാതിരിക്കുകയോ ചെയ്യാത്ത പക്ഷം മേൽ പ്രസ്താവിച്ച നിയമത്തിലെ ചട്ടം 20 ന്റെ ഉപചട്ടങ്ങൾ 7,8,9,10,11,13 പ്രകാരമുള്ള നടപടിയും ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടിയോടൊപ്പംതന്നെ വകുപ്പുതലത്തിലുള്ള അന്വേഷണവും സമാന്തരമായി തുടരേണ്ടതില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ശിക്ഷണ നടപടികളുടെ തീർപ്പിന് വിധേയമായും എം.ഒ.പി. പാര 17 (1) പ്രകാരവും ശ്രീ. സി.ജി. ചന്ദ്രമോഹൻ സർവ്വീസ് പുന:പ്രവേശം നല്കുന്ന കാര്യം പരിഗണിക്കും. കൂടാതെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സ്വീകരിച്ചുവരുന്ന നടപടികളുടെ അന്തിമ തീർപ്പ് കൽപ്പിക്കൽ ശ്രീ. ചന്ദ്രമോഹനെതിരെ ഇപ്പോൾ ഉന്നയിച്ചിട്ടുള്ള കുറ്റാരോപണങ്ങളിൽ ഭേദഗതി വരുത്തേണ്ടതായി വന്നേക്കാമെന്നതിനാൽ ലോക്കൽ ഫണ്ട് ഡയറക്ടറുടെ അന്തിമ തീർപ്പ് കാക്കാം."

മേൽ സംഗതിയിൽ നിന്നും ശ്രീ. ചന്ദ്രമോഹൻ അപഹരിച്ചതായി പറയുന്ന 99,341/- രൂപ ഈടാക്കുന്നതിനുള്ള നടപടി ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറാണ് നടത്തിയിട്ടുള്ളതെന്നും അതിന്മേൽ പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ യാതൊരു തുടർനടപടിയും എടുക്കേണ്ടതായി വന്നിട്ടില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. അനിൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ഫയലിലെ ടി ഉത്തരവിന്റെ വെളിച്ചത്തിലാണ് ശ്രീ. അനിൽകുമാർ തുടർനടപടികൾ സ്വീകരിക്കാതിരുന്നതെന്ന വാദം അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. കൂടാതെ ശ്രീ. ചന്ദ്രമോഹൻ അപഹരിച്ചതായി പറയുന്ന 99,341/- രൂപ പൂർണ്ണമായി അടവാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ മുൻ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. അനിൽകുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. ആർ. അനിൽകുമാർ, ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
(മുൻ എൽ.ഡി. ക്ലാർക്ക്, പഞ്ചായത്ത് ഡയറക്ടറേറ്റ്)
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (07.12.2017-ലെ വിജി. ഡി3/140/2017-വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/161/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ